**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **18-01-2021 - ല്‍ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ നിര്‍ദ്ദിഷ്ട മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രന്‍ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിര്‍ദ്ദിഷ്ട മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കുടപ്പനമൂട് - മൈലക്കര റീച്ചില്‍ ഉള്‍പ്പെട്ടതും എന്നാല്‍ സ്ഥലലഭ്യതയില്ലാത്തതിനാല്‍ ഒഴിവാക്കിയതുമായ കുടപ്പനമൂട്-അമ്പൂരി-വാഴിച്ചല്‍ റീച്ചിന് പകരമായി മലയോര ഹൈവേ കടന്നു പോകുന്ന നെടുമങ്ങാട് -ഷൊര്‍ളക്കോട് സ്റ്റേറ്റ് ഹൈവേയിലെ തുടര്‍ച്ചയായ കുടപ്പനമൂട്-വാഴിച്ചല്‍ റോഡിലൂടെ പദ്ധതി പുനക്രമീകരിക്കുന്നതിനായി സമര്‍പ്പിച്ചിരുന്ന പ്രൊപ്പോസലിന്മേല്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ മലയോര ഹൈവേയുടെ രണ്ടാം ഘട്ടം കള്ളിക്കാട് നിന്നും ആരംഭിച്ച് വാഴിച്ചല്‍ - അമ്പൂരി വഴി കുടപ്പനമൂടില്‍ അവസാനിക്കുന്നു. വാഴിച്ചല്‍ - അമ്പൂരി - കുടപ്പനമൂട് ഭാഗത്ത് കിഫ്ബി നിഷ്കര്‍ഷിച്ചിട്ടുള്ള 12 m Right of Way ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാല്‍ പ്രസ്തുത ഭാഗം ഒഴിവാക്കി കള്ളിക്കാട് മുതല്‍ വാഴിച്ചല്‍ വരെയുള്ള ഭാഗത്തിന് ഭാഗിക സാങ്കേതികാനുമതി നല്‍കുകയും നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടന്നുവരികയുമാണ്. വാഴിച്ചല്‍ - അമ്പൂരി - കുടപ്പനമൂട് ഭാഗം ഒഴിവാക്കി മലയോര ഹൈവേ കടന്നുപോകുന്ന നെടുമങ്ങാട് - ഷൊര്‍ലക്കോട് റോഡില്‍ വാഴിച്ചല്‍ നിന്നും ആരംഭിച്ച് നെടുമങ്ങാട്-ഷൊര്‍ലക്കോട(ഏകദേശം 2..5 കി. മീറ്റര്‍) എത്തുന്നതരത്തില്‍ പദ്ധതി പുന:ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസല്‍ സര്‍ക്കാരില്‍ ലഭിക്കുന്ന മുറയ്ക്ക് തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കാരണത്താല്‍ നിര്‍ദ്ദിഷ്ട മലയോരഹൈവേയ്ക്ക് ഏകദേശം മൂന്ന് കി.മീ. ദൂരം തുടര്‍ച്ച നഷ്ടപ്പെടുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; റോഡിന്റെ അലൈന്‍മെന്റ് പുതുക്കി നല്‍കി പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കാമോ; | (ബി) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. റോഡിന്റെ അലൈന്‍മെന്റ് പുതുക്കി നല്‍കുന്ന പക്ഷം മലയോര ഹൈവേയുടെ ഒന്നാം ഘട്ടത്തെയും രണ്ടാം ഘട്ടത്തെയും തമ്മില്‍ ബന്ധിപ്പിക്കുന്ന നിലവിലെ നെടുമങ്ങാട് ഷെര്‍ലക്കോട് സംസ്ഥാന പാതയിലെ ഭാഗം കൂടി മലയോര ഹൈവേയുടെ മാനദണ്ഡങ്ങള്‍ പ്രകാരം നിര്‍മ്മിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതാണ് |
| (സി) | നിര്‍ദ്ദിഷ്ട മലയോര ഹൈവേ പദ്ധതിയുടെ പാറശാല നിയോജക മണ്ഡലത്തിലെ പ്രവര്‍ത്തന പുരോഗതി അറിയിക്കാമോ? | (സി) | നിര്‍ദ്ദിഷ്ട മലയോര ഹൈവേയുടെ ഒന്നാം ഘട്ടത്തിന്റെ (കുടപ്പനമൂട് - പാറശ്ശാല വരെ) നിര്‍മ്മാണ പ്രവൃത്തികള്‍ പുരോഗമിക്കവേ കരാറുകാരന്‍ കോവിഡ് കാരണം മരണപ്പെടുകയും നിലവില്‍ വര്‍ക്കുകള്‍ നിര്‍ത്തി വച്ചിരിക്കുകയുമാണ്. തുടര്‍ പ്രവര്‍ത്തനങ്ങള്‍ പുനരാരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | നോമിനി തയ്യാറാകാത്തതിനാൽ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി പ്രവൃത്തി റീ ടെണ്ടർ ചെയ്താൽ മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. രണ്ടാംഘട്ടമായ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ പ്രവൃത്തികളും കള്ളിക്കാട് മുതൽ കൊല്ലായിൽ വരെയുള്ള അടുത്ത റീച്ചിന്റെയും പണികൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരികയാണ് |

സെക്ഷൻ ഓഫീസർ